LIBRARY ARCHIVES Kerala Legislative Assembly

തീരപ്രദേശങ്ങളിലെ മത്സ്യക്ഷാമം

191 (199) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ തീരപ്രദേശങ്ങൾ രൂക്ഷമായ മത്സ്യക്ഷാമം നേരിടുന്നു എന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ ;

(ബി) മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇപ്പോഴുണ്ടാകുന്ന മത്സ്യലഭ്യതക്കുറവ് എന്തെല്ലാം കാരണങ്ങളാലാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) ഏതെല്ലാം മത്സ്യങ്ങളുടെ ലഭ്യതയിലാണ് കുറവുണ്ടായിട്ടുള്ളതായി കാണുന്നത് ;

(ഡി) മത്സ്യക്ഷാമം വരുംവർഷങ്ങളിൽ രൂക്ഷമായാൽ തീരമേഖലയിൽ മത്സ്യതൊഴിലാളികൾക്ക് തൊഴിൽ ഇല്ലാതാകുമോ ; എന്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് കൈക്കൊണ്ടിരിക്കുന്നത് ;

(ഇ) അശാസ്ത്രീയവും പാരിസ്ഥിതിക സംതുലിതാവസ്ഥയെ തകിടം മറിക്കാവുന്നതുമായ മത്സ്യബന്ധന രീതികളിലൂടെ വരുംകാലങ്ങളിലുണ്ടാകാവുന്ന ഭീഷണികളെ ചെറുക്കുന്നതിനും മത്സ്യലഭ്യത ഉറപ്പാക്കുന്നതിനും മത്സ്യതൊഴിലാളികളുടെ തൊഴിൽ നഷ്ടം ഇല്ലാതാക്കുന്നതിനും അയൽസംസ്ഥാനങ്ങളുമായോ കേന്ദ്രസർക്കാരുമായോ ചേർന്ന് വിശദമായ പഠനങ്ങൾ നടത്തുകയോ പദ്ധതികൾ തയ്യാറാക്കുകയോ ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ബോധ്യപ്പെട്ടിട്ടുണ്ട്.

(ബി) മത്സ്യ ലഭ്യത കുറവ് എന്തെല്ലാം കാരണങ്ങളാലാണ് ഉണ്ടാകുന്നത് എന്നതിനെ കുറിച്ച് ഫിഷറീസ് വകുപ്പ് നേരിട്ട് പഠനം നടത്തിയിട്ടില്ല. എന്നാൽ കേന്ദ്ര മത്സ്യ ഗവേഷണ സ്ഥാപനങ്ങൾ വഴി പഠനങ്ങൾ നടന്നുവരുന്നുണ്ട്.

കഴിഞ്ഞ 5 വർഷത്തെ മത്സ്യ സമ്പത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു :

വർഷം	മത്സ്യ ഉൽപ്പാദനത്തിന്റെ തോത് (മെട്രിക് ടൺ)
2009-10	5.70